**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2877** — **13-02-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 1969 ലെ കേരള സഹകരണ നിയമത്തിലെ 3 മുതൽ 8 വരെയുള്ള വകുപ്പുകൾക്കും 3,14,15 സഹകരണ ചട്ടങ്ങൾക്കും, കാലാകാലങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന സർക്കുലർ നിർദേശങ്ങൾക്കും വിധേയമായി ആണ് ടൂറിസം സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.<br><br>കൂടാതെ പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി റ്റി സംഘങ്ങളുടെ ആസ്ഥാനം സ്ഥിതി ചെയുന്ന താലൂക്ക് ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങൾക്കുള്ള സാധ്യതകൾ എന്തെല്ലാമാണെന്നും ആയതിന് സർക്കാർ നൽകിവരുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ.; | (ബി) | കേരളത്തെ പോലെ ലോകടൂറിസം ഭൂപടത്തിൽ വളരെ പ്രാധാന്യം ഉള്ള ഒരു പ്രദേശത്ത് ടൂറിസം സഹകരണ സംഘങ്ങൾ രൂപീകരിക്കുക വഴി അതതു പ്രദേശങ്ങളിലെ തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്. കൂടാതെ ഉത്തരവാദിത്വ ടൂറിസം, കരകൗശല വസ്തുക്കളുടെ വിപണനം, വിവിധ ടൂറിസം പദ്ധതി ഏറ്റെടുത്തു നടത്തുക എന്നിവ ഈ സംഘങ്ങളുടെ രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് വഴി ജനങ്ങൾക്ക് ടൂറിസം മേഖലയിൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനും സാധിക്കും.<br><br>സഹകരണ മേഖലയിലെ നൂതന സംരംഭങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി എന്നിങ്ങനെ ബജറ്റ് വിഹിതത്തിനനുസരിച്ച് ധനസഹായം നൽകുന്നതിനു പുറമേ ടൂറിസം സഹകരണ സംഘങ്ങൾക്കു ചുവടെ ചേർക്കുന്ന സഹായങ്ങളും നൽകുന്നുണ്ട്.<br><br>1. വിനോദ സഞ്ചാര പ്രോത്സാഹനത്തിനുള്ള ധനസഹായമായിട്ടു PACS ഉൾപ്പെടെ ഉള്ള സഹകരണ സംഘങ്ങൾക്ക് പരമാവധി 20 ലക്ഷം രൂപ എന്ന പരിധിക്കു വിധേയമായി |

| | | | |
|---|---|---|---|
| | | | പ്രൊജക്റ്റ് കോസ്റ്റിന്റെ 50% വരെ നൽകി വരുന്നു.<br>2. ടൂറിസം സഹകരണ സംഘങ്ങൾക്ക് വികസനത്തിനും പ്രവർത്തന പുരോഗതിക്കുമായി പ്രൊജക്റ്റ് കോസ്റ്റിന്റെ 90% എന്ന പരിധിക്കു വിധേയമായി പരമാവധി 25 ലക്ഷം വരെയും ധനസഹായം നൽകി വരുന്നു. |
| (സി) | കണ്ണൂർ ജില്ലയിൽ ടൂറിസം മേഖലയിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്; അവയുടെ പ്രവർത്തന മേഖലകളുടെയും പ്രവർത്തന രീതികളുടെയും വിശദാംശം ലഭ്യമാക്കുമോ; | (സി) | കണ്ണൂർ ജില്ലയിൽ ടൂറിസം മേഖലയിൽ 13 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് .<br><br>1. കണ്ണൂർ താലൂക്ക് ടൂറിസം ട്രാവലിംഗ് ആന്റ് പബ്ലിക് വെൽഫയർ സഹകരണസംഘം ക്ലിപ്തം നമ്പർ സി.1926.<br><br>രജിസ്റ്റർ ചെയ്ത വർഷം - 28.11.2012<br><br>പ്രവർത്തന മേഖല: കണ്ണൂർ താലൂക്ക്<br><br>പ്രവർത്തനരീതി : പ്രധാനമായും വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നു. നാമമാത്രമായ രീതിയിൽ വിനോദയാത്രകൾ സംഘടിപ്പിക്കാറുണ്ട്.<br><br>2. പെരളശ്ശേരി ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2147.<br><br>രജിസ്റ്റർ ചെയ്ത വർഷം- 20.12.2021<br><br>പ്രവർത്തന മേഖല: കണ്ണൂർ<br><br>പ്രവർത്തനരീതി : മേഖലയിൽ പ്രവർത്തനങ്ങൾ ഒന്നും നടത്തുന്നില്ല.<br><br>3. പിണറായി ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി<br><br>രജിസ്റ്റർ ചെയ്ത വർഷം- 27.10.2018<br><br>പ്രവർത്തന മേഖല: തലശ്ശേരി<br><br>പ്രവർത്തനരീതി : ടൂറിസം മേഖലയെ പ്രോൽസാഹിപ്പിക്കുക, മറ്റ് സംരംഭങ്ങൾ ആരംഭിക്കുക, ടൂർ പാക്കേജ് നടത്തി വരിക<br><br>4. തലശ്ശേരി ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br><br>രജിസ്റ്റർ ചെയ്ത വർഷം- 23.03.2011 |

പ്രവർത്തന മേഖല: തലശ്ശേരി

പ്രവർത്തനരീതി : ടൂറിസം മേഖലയെ പ്രോൽസാഹിപ്പിക്കുക, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുക (സ്വിമ്മിംഗ് പൂൾ, ഹെൽത്ത്സെന്റർ, ആയുർവേദതെറാപ്പി സെന്റർ തുടങ്ങിയവ)

5. പയ്യന്നൂർ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2091.

രജിസ്റ്റർ ചെയ്ത വർഷം- 18.07.2018

പ്രവർത്തന മേഖല: പയ്യന്നൂർ

പ്രവർത്തനരീതി : വിവിധ സ്ഥലങ്ങളിലേക്ക് ടൂർ പ്രോഗ്രാമുകൾ ടി സംഘങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

6. ഹിൽവ്യൂ ഇക്കോ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2104

രജിസ്റ്റർ ചെയ്ത വർഷം- 18.09.2019

പ്രവർത്തന മേഖല: പയ്യന്നൂർ

പ്രവർത്തനരീതി : വിവിധ സ്ഥലങ്ങളിലേക്ക് ടൂർ പ്രോഗ്രാമുകൾ ടി സംഘങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

7. കണ്ണൂർ ജില്ലാ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

രജിസ്റ്റർ ചെയ്ത വർഷം- 16.09.1987

പ്രവർത്തന മേഖല: പയ്യന്നൂർ

പ്രവർത്തനരീതി : വിവിധ സ്ഥലങ്ങളിലേക്ക് ടൂർ പ്രോഗ്രാമുകൾ ടി സംഘങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

8. മലബാർ ഇക്കോ ടൂറിസം എൺവയോൺമെന്റൽ റിസർച്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ സി 4483.

രജിസ്റ്റർ ചെയ്ത വർഷം- 11.09.2012

പ്രവർത്തന മേഖല: പയ്യന്നൂർ

പ്രവർത്തനരീതി : വിവിധ സ്ഥലങ്ങളിലേക്ക് ടൂർ പ്രോഗ്രാമുകൾ ടി സംഘങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | 9. റോയൽ ടൂറിസം സഹകരണ സംഘം.<br><br>രജിസ്റ്റർ ചെയ്ത വർഷം- 01.11.2017<br><br>പ്രവർത്തന മേഖല: തളിപ്പറമ്പ്<br><br>പ്രവർത്തനരീതി : പുഴയോര ടൂറിസം ബോട്ടിംഗ്<br><br>10. പെരിഞ്ചല്ലൂർ ടൂറിസം സഹകരണ സംഘം.<br><br>രജിസ്റ്റർ ചെയ്ത വർഷം- 01.02.2021<br><br>പ്രവർത്തന മേഖല: തളിപ്പറമ്പ്<br><br>പ്രവർത്തനരീതി : കാറ്ററിംഗ്<br><br>11. മലപ്പട്ടം ടൂറിസം സഹകരണ സംഘം<br><br>രജിസ്റ്റർ ചെയ്ത വർഷം- 24.02.2021<br><br>പ്രവർത്തന മേഖല: തളിപ്പറമ്പ്<br><br>പ്രവർത്തനരീതി : പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>12. പെരിങ്ങളം ടൂറിസം ഡവലപ്മെന്റ് & ട്രാവലിംഗ് സഹകരണ സംഘം.<br><br>രജിസ്റ്റർ ചെയ്ത വർഷം- 16.09.2015<br><br>പ്രവർത്തന മേഖല: കൂത്തുപറമ്പ്<br><br>പ്രവർത്തനരീതി : ടൂറിസം സംബന്ധമായ പ്രവർത്തനങ്ങൾ നടത്തിവരുന്നില്ല.<br><br>13. പാനൂർ ടൂറിസം ഡവലപ്മെന്റ് & ട്രാവലിംഗ് സഹകരണ സംഘം.<br><br>രജിസ്റ്റർ ചെയ്ത വർഷം- 08.02.2016<br><br>പ്രവർത്തന മേഖല: കൂത്തുപറമ്പ്<br><br>പ്രവർത്തനരീതി : ടൂറിസം സംബന്ധമായ പ്രവർത്തനങ്ങൾ നടത്തിവരുന്നില്ല. |
| (ഡി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മലബാർ റിവർ ക്രൂയിസ് പദ്ധതികൾ പ്രകാരമുള്ള ബോട്ട് ജെട്ടികളുടെ നടത്തിപ്പും പരിപാലനവും ഇത്തരം സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ? | (ഡി) | സഹകരണ സംഘങ്ങൾ ഇത്തരം പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി മുന്നോട്ട് വരികയാണെങ്കിൽ സർക്കാർ ചർച്ച ചെയ്ത് പരിശോധിക്കുന്നതാണ്.<br><br>പെരിങ്ങളം ടൂറിസം ആൻഡ് ഡെവലപ്മെന്റ് ആൻഡ് ട്രാവല്ലിംഗ് സഹകരണ സംഘം മലബാർ റിവർ ക്രൂയിസ് പദ്ധതികൾ പ്രകാരമുള്ള ബോട്ട് ജെട്ടികളുടെ നടത്തിപ്പും പരിപാലനത്തിനുമായി 50 ലക്ഷം രൂപയുടെ ധനസഹായത്തിനായി പ്രോജക്റ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി 14/06/2022 ന സമർപ്പിച്ചിരുന്നു എങ്കിലും അപേക്ഷയിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിച്ച് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ